കുടുംബശ്രീ
# പ്രതിധ്വനി

www.kudumbashree.org

കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

ലക്കം : 46


## കുടുംബശ്രീ വനിതാ കെട്ടിട നിർമ്മാണ സംഘങ്ങൾ പൂർത്തീകരിച്ച വീടുകളുടെ താക്കോൽദാനം നിർവ്വഹിച്ചു



*കൊല്ലം കോർപ്പറേഷനിൽ അലക്കുകുഴിയിൽ പൂർത്തീകരിച്ച വീടുകളുടെ താക്കോൽദാനച്ചടങ്ങിന്റെ ഔദ്യോഗിക ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ നിർവ്വഹിക്കുന്നു. വനം വന്യജീവി വകുപ്പ് മന്ത്രി അഡ്വ. കെ. രാജു, ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ എന്നിവർ സമീപം.*

# അലക്കുകുഴിയിലെ 20 കുടുംബങ്ങൾക്ക് തലചായ്ക്കാൻ ഒരിടം

കൊല്ലം കോർപ്പറേഷനിലെ അലക്കുകുഴി കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി മുണ്ടയ്ക്കലിൽ നിർമ്മിച്ച 20 വീടുകളുടെ താക്കോൽദാനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ നിർവ്വഹിച്ചു. അഞ്ഞൂറ് ചതുരശ്ര അടി ചുറ്റളവുള്ള വീടുകൾ നിർമ്മിച്ചത് കുടുംബശ്രീ വനിതാ കെട്ടിട നിർമ്മാണ സംഘങ്ങളാണ്. 1 കോടി 70 ലക്ഷം രൂപയായിരുന്നു പദ്ധതിച്ചെലവ്. 2018 നവംബറിലാണ് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോറും കൊല്ലം കോർപ്പറേഷനും തമ്മിൽ വീട് നിർമ്മാണത്തിനുള്ള കരാറിലൊപ്പുവച്ചത്.

2019 ജനുവരി ഒന്നിന് ആരംഭിച്ച നിർമ്മാണ പ്രവൃത്തിക്ക് നേതൃത്വം നൽകിയത് കൊല്ലം ജില്ലയിലെ കൊറ്റങ്കര പഞ്ചായത്തിലെ കുടുംബശ്രീ വനിതാ കെട്ടിട നിർമ്മാണ യൂണിറ്റായ ഫീനിക്സ് കൺസ്ട്രക്ഷൻ ഗ്രൂപ്പാണ്. ഇവരുടെ പൂർണ്ണമായ ഉത്തരവാദിത്തത്തിലും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട, കല്ലട, ഏഴുകോൺ, തൃക്കടവൂർ എന്നീ സ്ഥലങ്ങളിലെ വിവിധ നി ർമ്മാണ ഗ്രൂപ്പുകളിൽപ്പെട്ട വനിതകളുടേയും കൂട്ടായ്മയിൽ, 32 സ്ത്രീകളുടെ കരുത്തിലാണ് ഈ വീടുകൾ ഉയർന്നത്. കൂടാതെ കോർഗ്രൂപ്പിലെ ശിവശൈലം, പടിഞ്ഞാറേ കല്ലടയിലെ ദേവി എന്നീ ഗ്രൂപ്പുകളുടെയും സജീവ പങ്കാളിത്തം നിർമ്മാണത്തിലുണ്ടായി.

രണ്ട് കിടപ്പുമുറികളും സിറ്റൗട്ടും അടുക്കളയും ഹാളും ശുചിമുറിയും ഉൾപ്പെടുന്ന വീടുകളാണ് അലക്കുകുഴിയിൽ നിർമ്മിച്ചത്. വൈദ്യുതി, കുടിവെള്ളം കണക്ഷനുകളും പ്രത്യേകമായി ഏർപ്പെടുത്തി.

പിഎംഎവൈ (നഗരം) - ലൈഫ് പദ്ധതി വഴി പൂർത്തീകരിച്ച വീടുകളുടെ താക്കോൽദാനം മന്ത്രിമാരായ ജെ. മേഴ്സിക്കുട്ടിയമ്മയും കെ. രാജുവും ചേർന്ന് നിർവ്വഹിച്ചു. പദ്ധതിപ്രകാരം ഇതുവരെ 1600 വീടുകളുടെ നിർമ്മാണം കോർപ്പറേഷനിൽ പൂർത്തീകരിച്ചു കഴിഞ്ഞു.

ചടങ്ങിൽ മേയർ വി. രാജേന്ദ്രബാബു അധ്യക്ഷനായിരുന്നു. എൻ.കെ. പ്രേമചന്ദ്രൻ എംപി, എം. നൗഷാദ് എംഎൽഎ, ജില്ലാ കളക്ടർ ബി. അബ്ദുൽ നാസർ, ഡെപ്യൂട്ടി മേയർ വിജയ ഫ്രാൻസിസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി. രാധാമണി, നഗരസഭ സ്ഥിരം സമിതി അധ്യക്ഷരായ എം.എ. സത്താർ, പി.ജെ. രാജേന്ദ്രൻ, എസ്. ഗീതാ കുമാരി, ചിന്ത എൽ. സജിത്, വി.എസ്. പ്രിയദർശനൻ, ഷീബ ആന്റണി, ടി.ആർ. സന്തോഷ് കുമാർ, ഡിസിസി പ്രസിഡന്റ് ബിന്ദു കൃഷ്ണ, ആർ.എസ്.പി മണ്ഡലം സെക്രട്ടറി സജി ഡി. ആനന്ദ്, സിപിഐ ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി ജി. ലാലു, കൗൺസിലർമാരായ ഗിരിജാ സുന്ദരൻ, എ.കെ. ഹഫീസ്, റീന സെബാസ്റ്റ്യൻ, നഗരസഭാ സെക്രട്ടറി എ.എസ്. അനുജ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ എ.ജി. സന്തോഷ്, സൂപ്രണ്ടിങ് എഞ്ചിനീയർ പി.ജെ. അജയകുമാർ തുടങ്ങിയവർ സംസാരിച്ചു.



*അലക്കുകുഴിയിൽ കുടുംബശ്രീ വനിതാ കെട്ടിട നിർമ്മാണ സംഘങ്ങൾ നിർമ്മിച്ച വീടുകൾ.*

### കുടുംബശ്രീ സംസ്ഥാന കലോത്സവം അരങ്ങിന് പാലക്കാട് വേദിയാകും

# സർഗ്ഗാത്മകത ആഘോഷമാക്കാൻ അരങ്ങ്

അയൽക്കൂട്ട വനിതകളുടെ സർഗ്ഗാത്മക കഴിവുകൾ മാറ്റുരയ്ക്കുന്ന അരങ്ങ് സംസ്ഥാന കലോത്സവം നവംബർ 1 മുതൽ 3 വരെ പാലക്കാട് നടക്കും. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ, പാലക്കാട് വിക്ടോറിയ കോളേജിലെ പ്രധാനവേദിയിൽ നവംബർ ഒന്നിന് വൈകുന്നേരം മൂന്നിന് നടക്കുന്ന ചടങ്ങിൽ കലോത്സവത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നാണ് ഈ കലോത്സവം കുടുംബശ്രീ സംഘടിപ്പിക്കുന്നത്. ഉദ്ഘാടന ചടങ്ങിന് മുന്നോടിയായി മൂവായിരത്തോളം അയൽക്കൂട്ട വനിതകൾ അണിനിരക്കുന്ന സാംസ്ക്കാരിക ഘോഷയാത്രയും നടക്കും.

വിക്ടോറിയ കോളേജ് കൂടാതെ ഫൈൻ ആർട്സ് ഹാൾ, ഗവൺമെന്റ് മോയൻ എൽ.പി സ്കൂൾ എന്നിവിടങ്ങളിലും മത്സരവേദികളുണ്ട്.

സ്റ്റേജ്, സ്റ്റേജിതരങ്ങളിലായി 34 ഇനങ്ങളിൽ ജൂനിയർ, സീനിയർ തലങ്ങളിൽ മത്സരങ്ങളുണ്ട്. 18 മുതൽ 35 വയസ്സ് വരെ പ്രായമുള്ള സ്ത്രീകൾ ജൂനിയർ വിഭാഗത്തിലും 35 വയസ്സിന്




### മത്സരങ്ങൾ നവംബർ 1 മുതൽ 3 വരെ

മുകളിൽ പ്രായമുള്ളവർ സീനിയർ തലത്തിലുമാണ് മത്സരിക്കുക. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നുള്ള അയൽക്കൂട്ട അംഗങ്ങളായ 2000ത്തോളം സ്ത്രീകൾ മത്സരങ്ങളിൽ പങ്കെടുക്കും. ലളിതഗാനം, മാപ്പിളപ്പാട്ട്, മോണോആക്ട്, മിമിക്രി, നാടോടി നൃത്തം, സംഘനൃത്തം, സംഘഗാനം, തിരുവാതിരക്കളി, ഒപ്പന, മാർഗംകളി, മൈം, കാർട്ടൂൺ, കഥാരചന, കവിതാ രചന എന്നിങ്ങനെയുള്ള ഇനങ്ങളിൽ മത്സരങ്ങളുണ്ട്. സി.ഡി.എസ്, താലൂക്ക്, ജില്ലാതലങ്ങളിലായി നടത്തിയ മത്സരങ്ങളിൽ വിജയിച്ചെത്തുന്നവരാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നത്.

നവംബർ മൂന്നിന് വൈകിട്ട് നാലിന് വിക്ടോറിയ കോളേജിലെ പ്രധാനവേദിയിൽ സമാപന സമ്മേളനം നടക്കും. എല്ലാ ദിവസവും വിക്ടോറിയ കോളേജിലെ വേദിയിൽ ഓപ്പൺ ഫോറവും സംഘടിപ്പിക്കും.



## അട്ടപ്പാടിയിൽ മൊബൈൽ ന്യുട്രീഷ്യൻ ഗാർഡൻ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു

അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക് പോഷക സമൃദ്ധമായ ജൈവ പച്ചക്കറിയും പഴങ്ങളും എത്തിക്കാനുള്ള മൊബൈൽ ന്യുട്രീഷ്യൻ ഗാർഡൻ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. അഗളി ഗ്രാമ പഞ്ചായത്ത്  അട്ടപ്പാടി സമഗ്ര ആദിവാസി വികസന പദ്ധതി പ്രകാരം കുടുംബശ്രീ അട്ടപ്പാടിയിൽ  കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന മഹിളാ കിസാൻ സശാക്തീകരൺ പരിയോജന ( MKSP) വഴി തെരഞ്ഞെടുത്ത പത്ത് ഊരുകളിൽ കൃഷി ചെയ്യുന്ന ഉത്പന്നങ്ങളാണ് ഊരുകളിലെ കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക് എത്തിക്കുന്നത്.  അഗളി പഞ്ചായത്ത് പഞ്ചായത്ത് പ്രസിഡന്റ് ശ്രീലക്ഷ്മി ശ്രീകുമാർ യൂണിറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

അഗളി , ഷോളയൂർ , പുതൂർ , കുറുമ്പ പഞ്ചായത്ത് സമിതിയുടെ നേതൃത്തിൽ അട്ടപ്പാടിയിലെ 192 ഊരുകളിലും  പോഷകാഹാര സമൃദ്ധി ഉറപ്പു വരുത്താൻ  ആവശ്യമായ പദ്ധതികളാണ് എംകെഎസ്പി മുഖേന നടപ്പാക്കി വരുന്നത്. നാല് മുതൽ പത്ത് വരെ അംഗങ്ങൾ ചേർന്ന കൃഷി സംഘങ്ങൾ ഇതിനായി പ്രവർത്തിക്കുന്നു. ഈ നാല് പഞ്ചായത്ത് സമിതിക്ക് കീഴിലെ 712 സംഘകൃഷി സംഘങ്ങളിലായി 3324 ആദിവാസി വനിതാ കർഷകർ കൃഷി ചെയ്ത് വരുന്നു.

കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക് ആവശ്യമായ പോഷകാഹാരം ലഭ്യമാക്കുന്നതിനായി  32 ന്യൂട്രിഷൻ ഗാർഡൻ യൂണിറ്റുകളാണ് സ്ഥാപിച്ചിരിക്കുന്നത്. അഗളിയിൽ 17 ഉം ഷോളയൂരിൽ ഒമ്പതും പുതൂരിൽ ആറും യൂണിറ്റുകൾ വീതമാണ് സ്ഥാപിച്ചത്. ഓരോ യൂണിറ്റും 2 ഏക്കർ മുതൽ 4 ഏക്കർ വരെ സ്ഥലത്ത്  റാഗി, ചാമ, തുവര, അമര, തക്കാളി, പയർ, വെണ്ട, പയർ, വഴുതന, ചേന, മത്തൻ, ചേമ്പ്, വിവിധ തരം ചീരകൾ, കപ്പ, തുടങ്ങിയ വിളകൾ കൃഷി ചെയ്തു വരുന്നു. ഈ ന്യുട്രീഷ്യൻ ഗാർഡനുകളിൽ ഉത്പാദിപ്പിച്ച പച്ചക്കറികൾ മറ്റ് ഊരുകളിലെ കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക് മൊബൈൽ ന്യുട്രീഷ്യൻ ഗാർഡൻ യൂണിറ്റ് വഴി വിതരണം ചെയ്യുകയാണ് ചെയ്യുക.

## സ്ത്രീകഥാപാത്രങ്ങളുടെ പേരിൽ വേദികൾ

കറുത്തമ്മ, ഇന്ദുലേഖ, സുഹറ, നാണിമിസ്ട്രസ്, സുമിത്ര, ചെമ്മരത്തി, അരങ്ങ് കലോത്സവത്തിന്റെ ആറ് വേദികൾ. മലയാള സാഹിത്യത്തിലെ ശ്രദ്ധേയമായ നോവലുകളിലെ പ്രധാന കഥാപാത്രങ്ങളുടെ പേരുകളാണ് ഈ ആറ് വേദികൾക്കും നൽകിയിരിക്കുന്നത്. തകഴി ശിവശങ്കരപ്പിള്ളയുടെ ചെമ്മീനിലെ നായികാ കഥാപാത്രമായ കറുത്തമ്മയുടെ പേരിലുള്ള വേദി വിക്ടോറിയ കോളേജിൽ. ഒ. ചന്തുമേനോന്റെ ഇന്ദുലേഖ എന്ന കഥാപാത്രത്തിന്റെ പേരിലുള്ള വേദി ഗവൺമെന്റ് മോയൻ എൽപിഎസിൽ. വിക്ടോറിയ കോളേജ് ഓഡിറ്റോറിയത്തിലെ രണ്ട് വേദികൾക്ക് യഥാക്രമം നാണിമിസ്ട്രസ് (ചെറുകാടിന്റെ മുത്തശ്ശിയിലെ കഥാപാത്രം), സുമിത്ര (എംടി വാസുദേവൻ നായരുടെ കാലത്തിലെ കഥാപാത്രം) എന്നിങ്ങനെ പേരുകൾ നൽകിയിരിക്കുന്നു. ഫൈൻ ആർട്സ് സൊസൈറ്റിയിലെ വേദിക്ക് വൈക്കം മുഹമ്മദ് ബഷീറിന്റെ ബാല്യകാലസഖിയിലെ കഥാപാത്രമായ സുഹറയുടെ പേരും. വിക്ടോറിയ കോളേജ് ഗ്രൗണ്ടിലെ വേദിക്ക് എൻ. പ്രഭാകരന്റെ ഏഴിനു മീതേയിലെ ചെമ്മരത്തി എന്ന കഥാപാത്രത്തിന്റെ പേരും.

## സ്വാതന്ത്ര്യവും സമത്വവും പങ്കാളിത്തവും

എറണാകുളം, ആലുവ അസറുൽ ഉലൂം ഇസ്ലാമിക് കോളേജ് വിദ്യാർത്ഥി മുഹമ്മദ് സഫുവൻ രൂപകൽപ്പന ചെയ്ത ലോഗോയാണ് അരങ്ങ് കലോത്സവ ലോഗോയായി തെരഞ്ഞെടുത്തത്. ലോഗോ രൂപകൽപ്പന ചെയ്യുന്നതിന് സംഘടിപ്പിച്ച മത്സരത്തിൽ ലഭിച്ച 13 അപേക്ഷകളിൽ നിന്നാണ് മുഹമ്മദിന്റെ ലോഗോ തെരഞ്ഞെടുത്തത്. സ്വാതന്ത്ര്യം, സമത്വം, പങ്കാളിത്തം എന്നീ മൂന്ന് ആശയങ്ങൾ അടിസ്ഥാനമാക്കിയാണ് ലോഗോ രൂപകൽപ്പന ചെയ്തത്.



*അരങ്ങ് സംസ്ഥാന കലോത്സവത്തിന്റെ ലോഗോ പ്രകാശനച്ചടങ്ങിൽ നിന്ന്.*


Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Asha Varghese
Associate Editors: Chaithanya. G, Manjary Asok, Asha S. Panicker. Design: Arun. S Publicity:Sreebal B.S , E-mail: prteamkshreeho@gmail.com